**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3593.** 12.05.2017 **ൽ മറുപടിയ്ക്ക്**

**കോടതി വിധിയും മുൻ സർക്കാറിന്റെ മദ്യനയവും ഉണ്ടാക്കിയ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, എ.എം. ആരിഫ്<br>,, കെ. ദാസൻ<br>,, വി. ജോയി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മുൻ സർക്കാറിന്റെ അശാസ്ത്രീയ മദ്യനയവും മദ്യശാലകൾ പ്രധാന റോഡുകളിൽ നിന്ന് മാറ്റി സ്ഥാപിക്കാനുള്ള കോടതി വിധിയും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ അവലോകനം ചെയ്തിരുന്നോ; | (എ) | പുതിയ മദ്യനയം രൂപീകരിക്കുന്ന വേളയിൽ ഇക്കാര്യങ്ങൾ കൂടി പരിശോധിക്കുന്നതാണ്. |
| (ബി) | റോഡരികിൽ നിന്ന് മദ്യശാലകൾ പാർപ്പിട മേഖലയിലേക്ക് മാറ്റുമ്പോഴുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ എങ്ങനെയാണ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | റോഡരികിൽ നിന്നും മദ്യശാലകൾ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ നിയമപ്രകാരവും, വിദേശമദ്യ നിയമപ്രകാരവും തർക്കരഹിത സ്ഥലങ്ങളിലേയ്ക്കാണ് മാറ്റി സ്ഥാപിക്കുന്നത്. ഇപ്രകാരം മാറ്റി സ്ഥാപിക്കുമ്പോൾ ജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറയ്ക്കുന്ന തരത്തിലും ഗതാഗത സംവിധാനങ്ങൾക്ക് തടസ്സങ്ങൾ ഉണ്ടാകാത്ത തരത്തിലും സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം ഷോപ്പുകൾ മാറ്റി സ്ഥാപിക്കുമ്പോൾ നിലവിലുള്ള നിയമങ്ങൾ എല്ലാം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മദ്യാസക്തിക്ക് അടിമപ്പെട്ടവർ മദ്യശാലകളുടെ അഭാവത്തിൽ ഗൃഹപരിസരത്തും പൊതുസ്ഥലത്തും മദ്യപിക്കുന്നത് സൃഷ്ടിക്കാനിടയുള്ള ക്രമസമാധാന പ്രശ്നങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പൊതുസ്ഥലത്ത് മദ്യപിക്കുന്നതിനെതിരെ അബ്കാരി ആക്ട് സെക്ഷൻ 15(c) പ്രകാരം കേസ്സെടുത്ത് കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | മദ്യലഭ്യത കുറയുന്നത് വ്യാജവാറ്റും മറ്റുലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വർദ്ധിക്കാനിടയാക്കുന്നത് തടയുന്നതിനാവശ്യമായ രീതിയിൽ വകുപ്പിനെ ശക്തി പ്പെടുത്തുമോ? | (ഡി) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മദ്യലഭ്യത കുറയുന്നത് മൂലം വ്യാജവാറ്റും മറ്റുലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വർദ്ധിക്കാനിടയാക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**